# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 02.02.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് നാളെ പാർലമെന്റിന്റെ ഇരു സഭകളിലും തുടക്കം. വഖഫ് ഭേദഗതി ബില്ലിന്മേലുള്ള റിപ്പോർട്ട് നാളെ ലോക്സഭയിൽ.

2. സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

3. ഒന്നാം ക്ലാസ്സ് പ്രവേശനത്തിനായി കുട്ടികൾക്ക് പ്രവേശന പരീക്ഷ നടത്തുന്നത് സംസ്ഥാനത്ത് അനുവദിക്കില്ലെന്ന് മന്ത്രി വി ശിവൻകുട്ടി.

4. 113-ാമത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിൻറെ ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിച്ചു.

5. അണ്ടർ-19 വനിതാ ട്വൻറി-20 ലോകകപ്പ് കിരീടം ഇന്ത്യയ്ക്ക്. ദക്ഷിണാഫ്രിക്കയെ തകർത്തത് 9 വിക്കറ്റിന്.

6. 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് മെഡൽ കുതിപ്പ്. വനിതാ വിഭാഗം വോളിബോളിൽ സുവർണ നേട്ടം.

***************************************

## പാർലമെൻറ്

പാർലമെൻറിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നാളെ ലോക്സഭയിലും രാജ്യസഭയിലും നടക്കും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ, 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025, ബാങ്കിംഗ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ, 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെന്റിൽ ചർച്ച ചെയ്ത് പാസ്സാക്കും. വഖഫ് ഭേദഗതി ബില്ലിന്മേലുള്ള സംയുക്ത പാർലമെൻററി സമിതി റിപ്പോർട്ട് നാളെ ലോക്സഭയിൽ സമർപ്പിക്കും. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിനെ നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

**************************************

RNU TVPM

## സ്മാർട്ട് അങ്കണവാടി

സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരുവനന്തപുരം പെരുങ്കടവിള ജനാർദനപുരം ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും. ഇതോടെ 117 സ്മാർട്ട് അങ്കണവാടികളാണ് സംസ്ഥാനത്ത് യാഥാർത്ഥ്യമായത്. നിലവിൽ 189 സ്മാർട്ട് അങ്കണവാടികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. അങ്കണവാടികളെ ശിശു സൗഹൃദപരമാക്കുന്നതിന്റെ ഭാഗമായാണ് സ്മാർട്ട് അങ്കണവാടി നിർമ്മാണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

**************************************

## വി ശിവൻകുട്ടി

കേരളത്തിൻറെ വിദ്യാഭ്യാസ രംഗത്ത് കച്ചവട താല്പര്യത്തോടെ ചില സ്കൂളുകൾ പ്രവർത്തിക്കുന്നതായി പൊതു വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. അവിടങ്ങളിൽ നടക്കുന്നത് ബാലപീഡനങ്ങളാണെന്നും അത്തരം സ്കൂളുകൾക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് പ്രവേശന പരീക്ഷ നടത്തുന്നതും രക്ഷാകർത്താക്കൾക്ക് അഭിമുഖം നടത്തുന്നതും സംസ്ഥാനത്ത് അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. അമിതമായി പി ടി എ ഫീസ് ഈടാക്കുന്ന സ്കൂളുകൾക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

***************************************

## ചെറുകോൽപ്പുഴ - ഇൻട്രോ

113-മത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിനു തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. 113 വർഷം മുൻപ് തുടക്കം കുറിച്ച ഹിന്ദുമത പരിഷത്തിൻ്റെ പ്രസക്തി ഇക്കാലഘട്ടത്തിലും പ്രസക്തമായി തുടരുന്നെന്ന് ഗവർണർ പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ...**

(വോയ്സ്)

***************************************

## വി ഡി സതീശൻ

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനു പിന്നാലെ പട്ടിക ജാതി പട്ടിക വർഗ വിഭാഗങ്ങളുടെ പദ്ധതി വിഹിതവും ധനപ്രതിസന്ധിയുടെ പേരിൽ വെട്ടിക്കുറച്ച സംസ്ഥാന സർക്കാർ നടപടി അംഗീകരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. അഴിമതിയും ധൂർത്തും പിൻവാതിൽ നിയമനങ്ങളുമാണ് സംസ്ഥാനത്തെ കടുത്ത ധന പ്രതിസന്ധിയിലാക്കിയതെന്നും അദ്ദേഹം പ്രസ്താവനയിൽ ആരോപിച്ചു.

**************************************

## മുകേഷ് - കുറ്റപത്രം

നടനും എംഎൽഎയുമായ മുകേഷിനെതിരെയുള്ള പീഡന പരാതിയിൽ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചു. ആലുവ സ്വദേശിയായ നടിയുടെ പരാതി തെളിഞ്ഞതായി കുറ്റപത്രത്തിൽ പറയുന്നു. എംഎൽഎക്കെതിരെ ഡിജിറ്റൽ തെളിവുകളുണ്ട്. എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചത്.

RNUTVPM

**************************************

## സുകുമാരൻ നായർ

രാഷ്ട്രീയ പാർട്ടികളോടും മുന്നണികളോടും സമദൂരം തുടരുമെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ. എല്ലാ രാഷ്ട്രീയ നേതാക്കളും ബന്ധുക്കളാണെന്നും ഒരുകാലത്ത് രാഷ്ട്രീയ നിലപാട് എടുത്തത് വിഡ്ഢിത്തരമെന്ന് മനസിലായതായും അദ്ദേഹം പറഞ്ഞു. രമേശ് ചെന്നിത്തലയെ എൻഎസ് എസ്

ആസ്ഥാനത്തേക്ക് ക്ഷണിച്ചതിൽ തെറ്റില്ലെന്നും ശ്രീ സുകുമാരൻ നായർ വ്യക്തമാക്കി.

*************************************

## ജെ. ചിഞ്ചുറാണി

റേഡിയോഗ്രാഫർമാരുടേതുൾപ്പടെ തൻറെ വകുപ്പിലെ ഒഴിവുകളിൽ അധികം വൈകാതെ പി.എസ്.സി. വഴി നിയമനം നടത്തുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. കേരള ഗവൺമെൻറ് റേഡിയോഗ്രാഫേഴ്സ് സംസ്ഥാന സമ്മേളനം കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആശ്രാമം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ നടന്ന സമ്മേളനത്തിൽ കെ.ജി.ആർ.എ. സംസ്ഥാന പ്രസിഡൻറ് ദീപ്തി സി. അധ്യക്ഷത വഹിച്ചു.

*************************************

## കെ എസ് ആർ ടി സി പണിമുടക്ക്

സംസ്ഥാനത്ത് ചൊവ്വാഴ്ച കെ എസ് ആർ ടി സി പണിമുടക്ക്. നാളെ അർദ്ധരാത്രി 12 മണി മുതൽ 24 മണിക്കൂർ ആണ് പണിമുടക്ക്. ഐ.എൻ.ടി.യു.സി. യൂണിയനുകളുടെ കൂട്ടായ്മയായ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻറെ നേതൃത്വത്തിലാണ് പണിമുടക്ക് നടത്തുന്നത്. സംഘടനാ നേതാക്കളുമായി കെ.എസ്.ആർ.ടി.സി. സി.എം.ഡി കഴിഞ്ഞ ദിവസം നടത്തിയ ചർച്ച പരാജയപ്പെട്ടിരുന്നു.

*************************************

## താപനില

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ

RAJU TVPM

വകുപ്പ്. സാധാരണയെക്കാൾ 2 മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയർന്നേക്കും. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. പകൽ 11 മുതൽ മൂന്ന് വരെയുള്ള സമയത്ത് തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

*************************************

ഇടുക്കി - ഇൻട്രോ

സന്ദർശകരെ വരവേൽക്കാൻ കൂടുതൽ സൗകര്യങ്ങളൊരുക്കി മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗാർഡനിലേക്കെത്തുന്ന സഞ്ചാരികളുടെ തിരക്കും വർധിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

RNU TVPM

*************************************

വനിതാ ട്വൻറി-20

ഐസിസി അണ്ടർ-19 വനിതാ ട്വൻറി-20 ലോകകപ്പ് കിരീടം ഇന്ത്യയ്ക്ക്. കലാശപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയെ 9 വിക്കറ്റിന് തകർത്താണ് ഇന്ത്യ വിജയം കരസ്ഥമാക്കിയത്. ദക്ഷിണാഫ്രിക്ക ഉയർത്തിയ 83 റൺസ് വിജയലക്ഷ്യം 11.2 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. ഇന്ത്യക്ക് വേണ്ടി തൃഷ മൂന്ന് വിക്കറ്റെടുത്തു. ടൂർണമെൻറിലുടനീളം മികച്ച പ്രകടനം കാഴ്ചവെച്ച മലയാളി താരവും പേസ് ബൗളറുമായ വി.ജെ. ജോഷിതയും കിരീടനേട്ടത്തിൽ

നിർണായക പങ്കുവഹിച്ചു. അതേ സമയം കിരീട നേട്ടത്തിന് വനിതാ ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

************************************

## ദേശീയ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് മെഡൽ കുതിപ്പ്. വനിതാ വിഭാഗം വോളിബോളിൽ കേരളം സ്വർണം നേടി. പുരുഷ വിഭാഗം വോളിബോളിൽ വെള്ളിയും നേടി. 81 കിലോഗ്രാം ഭാരോദ്വഹനത്തിൽ കേരളത്തിന്റെ അഞ്ജന ശ്രീജിത് വെങ്കല മെഡൽ നേടി. വനിതകളുടെ ബാസ്കറ്റ് ബോളിൽ തമിഴ്നാടുമായുള്ള മത്സരത്തിൽ കേരള ടീം വെള്ളി നേടി. വാട്ടർ പോളോയിൽ പുരുഷ- വനിതാ ടീമുകൾ സെമിഫൈനലിൽ പ്രവേശിച്ചു. ഗെയിംസിൽ ഏഴാം സ്ഥാനത്താണ് കേരളം. സർവീസസാണ് ഒന്നാമത്.

RNU TVPM

************************************

## മലപ്പുറം - അറസ്റ്റ്

മലപ്പുറം എളങ്കൂരിൽ യുവതിയെ ഭർതൃ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഭർത്താവ് പ്രഭിൻറെ അറസ്റ്റ് രേഖപ്പെടുത്തി. ഗാർഹിക പീഡനം, ആത്മഹത്യാ പ്രേരണ എന്നീ കുറ്റങ്ങൾ ചുമത്തി മഞ്ചേരി പൊലീസാണ് അറസ്റ്റ് ചെയ്യത്. പൂക്കോട്ടുംപാടം സ്വദേശി വിഷ്ണുജയെ കഴിഞ്ഞ വ്യാഴാഴ്ചയാണ് ഭർതൃവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. പ്രഭിനെ നാളെ കോടതിയിൽ ഹാജരാക്കുമെന്നാണ് വിവരം.

************************************

## ഡിസോൺ കലോത്സവം

തൃശൂർ മാളയിൽ കാലിക്കറ്റ് സർവകലാശാല ഡി -സോൺ കലോത്സവത്തിനിടെയുണ്ടായ സംഘർഷത്തിൽ ചേർപ്പ് സി.ഐയ്ക്ക് സസ്പെൻഷൻ. സംഘർഷം നിയന്ത്രിക്കുന്നതിൽ വീഴ്ച്ച പറ്റിയതിനും കെ.എസ്.യു പ്രവർത്തകരെ ആംബുലൻസിൽ കയറ്റി വിട്ടതിനുമാണ് സി.ഐ പ്രദീപിനെ സസ്പെൻറ് ചെയ്ത്. ആംബുലൻസ് പിന്നീട് എസ്എഫ്ഐക്കാർ ആക്രമിച്ചിരുന്നു.

************************************

## ഇടുക്കി- അപകടം

ഇടുക്കി രാജാക്കാട് ലോറി അപകടത്തിൽ ഡ്രൈവർ മരിച്ചു. കമ്പിളികണ്ടം സ്വദേശി ആകാശാണ് ആണ് മരിച്ചത്. നിയന്ത്രണം നഷ്ടപ്പെട്ട ലോറി മൺതിട്ടയിൽ ഇടിക്കുകയായിരുന്നു. ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

RNUTVPM

************************************

## ഇടുക്കി- മൃതദേഹം

ഇടുക്കി മൂലമറ്റത്ത് പായയിൽ കെട്ടിയ നിലയിൽ അജ്ഞാത മൃതദേഹം കണ്ടെത്തി. രണ്ട് ദിവസത്തോളം പഴക്കമുള്ള പുരുഷൻറെ മൃതദേഹമാണ് കണ്ടെത്തിയത്. വനം വകുപ്പിൻറെ കീഴിലുള്ള തേക്കിൻ കൂപ്പിലാണ് മൃതദേഹം കണ്ടെത്തിയത്. കൊലപാതകമെന്നാണ് പ്രാഥമിക നിഗമനം. ശാസ്ത്രീയ പരിശോധനകൾക്ക് ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ എന്ന് പൊലീസ് അറിയിച്ചു.

************************************

## തീരക്കടൽ ഖനനം

സംസ്ഥാനത്തെ കടൽ മണൽ ഖനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിൻമാറണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെസി വേണുഗോപാൽ എംപി കത്തുനൽകി. സംസ്ഥാനത്ത് കൊല്ലം സൗത്ത്, നോർത്ത്, ആലപ്പുഴ, പൊന്നാനി, ചാവക്കാട് എന്നിവിടങ്ങളിലാണ് തീരക്കടൽ ഖനനം ചെയ്യുന്ന ലേല നടപടികളുമായി കേന്ദ്ര ഖനന മന്ത്രാലയം മുന്നോട്ട് പോകുന്നത്.

*****************************************************

***********************************

*********************

RNU TVPM